# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

ജനുവരി 2024 വാല്യം 63 ലക്കം 01

Season of Epiphany




‘പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെ മേൽ ഇറങ്ങി വന്നു.
സ്വർഗത്തിൽ നിന്ന് ഒരു സ്വരവും ഉണ്ടായി: നീ എന്റെ പ്രിയപുത്രൻ;
നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.

ലൂക്കാ 3 : 22

## HAPPY NEW YEAR 2024

# നവവൈദികർക്ക് രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും



Fr. George Mammoottil (Bilbin)
Chilavu
27 DEC 2023
9497270515



Fr. Varghese Kannadan
Kuthumkal
28 DEC 2023
9072972155



Fr. Thomas Makkolil (Bijoy)
Vazhakulam
30 DEC 2023
9847245664



Fr. James Parackanal (Albin)
Vannappuram
01 JAN 2024
9656781685



Fr. Augustine Nirappel (Jeril)
Anicadu
02 JAN 2024
9544616465

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

ജനുവരി 2024 വാല്യം 63 ലക്കം 01





## ഉള്ളടക്കം


5 2024 യുവജനവർഷം – സർക്കുലർ
10 കർഷകദിനം – സർക്കുലർ
14 രൂപതക്കച്ചേരി
23 P.W.A.
23 ഒഡീഷ മിഷൻ
24 മൈനർ സെമിനാരി
25 വിജ്ഞാനഭവൻ
37 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
39 സോഷ്യൽ സർവീസ്
40 ചെറുപുഷ്പ മിഷൻലീഗ്
41 കെ.സി.എസ്.എൽ.
46 ഫാമിലി അപ്പോസ്തലേറ്റ്
47 പ്രോ – ലൈഫ്
48 പിതൃവേദി
49 മാതൃവേദി
50 ഡി.എഫ്.സി.
50 യുവദീപ്തി – K.C.Y.M.
53 ജീസസ് യൂത്ത്
54 കത്തോലിക്കാ കോൺഗ്രസ്
57 പ്രാർത്ഥനാഗ്രൂപ്പ്
58 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
59 കേരള ലേബർ മൂവ്മെന്റ്
59 നെസ്റ്റ് പ്രോഗ്രാം
60 തിരുനാൾ മംഗളങ്ങൾ
60 രൂപതാദ്ധ്യക്ഷന്റെ ഡയറി
63 Bishop's Engagements
64 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
64 നിര്യാതരായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
✆ 8281946306 ✉ bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കാൻ

Page 5 2024 യുവജനവർഷം – സർക്കുലർ
Page 10 കർഷകദിനം – സർക്കുലർ
Page 17 സഭൈക്യവാരം
Page 17 സീറോ മലബാർ പ്രേഷിതവാരം
Page 17 ലോകസമാധാന ദിനം
Page 18 മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം

## തിരുനാളുകൾ



**01**
നമ്മുടെ കർത്താവിന്റെ നാമകരണം



**03**
വി. ചാവറ കുര്യാക്കോസ് ഏലിയാസ്



**05**
ദൈവമാതൃത്വ തിരുനാൾ



**06**
ദനഹാത്തിരുനാൾ



**12**
വി. സ്നാപക യോഹന്നാൻ




**20**
വി. സെബസ്ത്യാനോസ്




**24**
വി. ഫ്രാൻസിസ് സാലസ്



**26**
വി. സുവിശേഷകന്മാർ



**28**
വി. തോമസ് അക്വീനാസ്



**31**
വി. ജോൺ ബോസ്കോ

No. 3997/K-5/KCBC/OL/DS 23.12.2023

# 2024 യുവജനവർഷം - കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

യേശുവിന്റെ തിരുപ്പിറവിയുടെയും പുതുവർഷത്തിന്റെയും ആശംസകൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു.

പരിശുദ്ധ ഫ്രാൻസിസ് പാപ്പാ 2022-ൽ പ്രഖ്യാപിച്ച സിനഡാത്മക സഭയുടെ നവീകരണയത്നത്തിന്റെ പശ്ചാത്തലത്തിൽ 2022 ജൂൺ 5-ന് കേരള കത്തോലിക്കാസഭയിൽ 'സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്തവാക്യവുമായി നവീകരണകാലഘട്ടം ആരംഭിച്ചുവെന്നത് ഏവർക്കും അറിവുള്ളതാണല്ലോ. അതിന്റെ ഭാഗമായി 2023 ദിവ്യകാരുണ്യ വർഷമായി ആചരിച്ചു. യുവജനശുശ്രൂഷയിൽ പുതിയ ഉണർവ് നല്കുന്നതിന് കേരള കത്തോലിക്കാ മെത്രാൻ സമിതി (KCBC) 2024-നെ കേരള കത്തോലിക്കാസഭയിൽ യുവജന വർഷമായി പ്രഖ്യാപിക്കുന്നു. ഈ യുവജനവർഷാചരണം കേരള കത്തോലിക്കാസഭയ്ക്ക് വലിയ പ്രചോദനവും ആവേശവും ലഭ്യമാക്കട്ടെയെന്ന് പ്രത്യാശിക്കുന്നു.

**കെസിബിസി യുവജനകമ്മീഷൻ**

കേരളത്തിലെ വ്യക്തിഗതസഭകളായ സീറോ-മലബാർ, ലത്തീൻ, സീറോ-മലങ്കര സഭകളുടെ സംയുക്ത വേദിയായ കെസിബിസിയുടെ യുവജനകമ്മീഷനാണ് 2024 ലെ യുവജനവർഷാചരണത്തിനുള്ള കർമ്മപദ്ധതികൾക്ക് നേതൃത്വം നല്കുന്നത്. കെസിബിസി യുവജനകമ്മീഷന് സാരഥ്യം വഹിക്കുന്നത് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ചെയർമാനായും വന്ദ്യരായ മാത്യൂസ് മാർ പോളികാർപ്പസ് പിതാവും മാർ ജോസഫ് പണ്ടാരശ്ശേരി പിതാവും വൈസ് ചെയർമാന്മാരും ബഹു. ഫാ. സ്റ്റീഫൻ തോമസ് ചാലക്കര സെക്രട്ടറിയും ആയിട്ടുള്ള ടീമാണ്. കമ്മീഷന്റെ പ്രവർത്തനമേഖലയിൽ വരുന്ന എല്ലാ യുവജന പ്രസ്ഥാനങ്ങളെയും ചേർത്തുനിർത്തിയുള്ള യുവജനവർഷാചരണത്തിന് ഇവർ നേതൃത്വം നല്കുന്നതാണ്. കേരളത്തിലെ മൂന്നു റീത്തുകളിലെയും

യുവജനപ്രസ്ഥാനങ്ങൾ, കേരളത്തിൽ പ്രവർത്തിച്ചുവരുന്ന വിവിധ കത്തോലിക്കാ യുവജനസംഘടനകൾ എന്നിവർ ഒരുമിച്ചു സഹകരിച്ച് യുവജനവർഷം ഉചിതമായി ആചരിക്കണമെന്ന് താല്പര്യപ്പെടുന്നു.

**യുവജന വർഷത്തിന്റെ ആപ്തവാക്യം**

'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' (Christian Youth with Compassionate Eyes, Passionate Heart and Fire -winged Feets). പിതാവായ ദൈവത്തിന്റെ കരുണയുള്ള കണ്ണുകളും പുത്രനായ ദൈവത്തിന്റെ തീക്ഷ്ണ ഹൃദയവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ അഗ്നി ചിറകുള്ള കാലുകളും ക്രൈസ്തവ യുവതയുടെ ലക്ഷണങ്ങളായി മാറണമെന്ന ആഹ്വാനം പേറുന്നതാണ് ഈ ആപ്തവാക്യം. 'ക്രിസ്തുവിൽ വേരൂന്നിയതും വിശ്വാസത്തിൽ ഉറച്ചതുമായ യുവജനം' എന്ന യുവജന കമ്മീഷന്റെ മുഖ്യ പ്രമേയത്തിൽനിന്ന് ഉരുത്തിരിഞ്ഞതാണ് യുവജന വർഷത്തിന്റെ ഈ ആപ്തവാക്യം.

**യുവജനവർഷ പ്രഖ്യാപനത്തിന്റെ ലക്ഷ്യങ്ങൾ**

മനുഷ്യജീവിതത്തിന്റെ സുവർണ്ണ കാലഘട്ടമാണ് യുവത്വം. സജീവവും സർഗ്ഗാത്മകവുമായ ഇടപെടലുകളിലൂടെ കുടുംബത്തിലും സഭയിലും സമൂഹത്തിലും മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന കാലം. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവപ്രീതിയിലും വളർന്നതുപോലെ (ലൂക്കാ 5.52) യുവജനങ്ങളെ പക്വതയിലേക്ക് വളരുവാൻ സജ്ജരാക്കുകയെന്ന സഭയുടെ ലക്ഷ്യം തീക്ഷ്ണമായി ഓർമ്മിപ്പിക്കുന്നതിന് ഉതകുന്നതാകണം യുവജനവർഷം. സഭ അവരെ ചേർത്തു പിടിക്കുന്നു എന്ന ബോധ്യവും അവർ സഭയോട് ചേർന്നു നടക്കുന്നു എന്ന തിരിച്ചറിവും നല്കാൻ തക്കവിധം പ്രചോദനാത്മകമാകണം ആചരണം.

**യുവജന വർഷാചരണത്തിന്റെ പൊതു മാർഗ്ഗനിർദേശങ്ങൾ**

സഭയിൽ യുവജനങ്ങൾക്കായ് നടത്തുന്ന അനേകം പരിപാടികളിൽ ഒന്നായി യുവജനവർഷാചരണം മാറാതിരിക്കാൻ എല്ലാ പദ്ധതികൾക്കും ബാധകമാവുന്ന ചില പൊതു നിർദ്ദേശങ്ങൾ ചേർക്കുന്നു.

1. സഭയേയും സമൂഹത്തേയും സംബന്ധിച്ച് യുവജനങ്ങൾക്ക് പങ്കുവയ്ക്കുവാനുള്ള ആശയങ്ങളും അഭിപ്രായങ്ങളും തുറന്ന മനസ്സോടെ കേൾക്കാൻ തക്ക വേദികൾ സൃഷ്ടിക്കപ്പെടണം.

2. കത്തോലിക്കാ സ്വത്വബോധം നൽകുന്ന കൂടിവരവുകൾ, തീർത്ഥ യാത്രകൾ ഇവയ്ക്ക് പ്രാധാന്യം.

3. യുവജനങ്ങൾക്ക് മിഷൻ ചൈതന്യം നൽകുന്ന പരിശീലന പദ്ധതികൾ.

4. കേരള കത്തോലിക്കാസഭയിലെ 3 റീത്തുകളിലെയും യുവജന സംഘടനകളുടെ സഹവർത്തിത്വവും, സഹകരണവും ഉറപ്പാക്കുന്ന സംഗമങ്ങളും, പഠന ശിബിരങ്ങളും.

5. ആഴമാർന്ന ക്രൈസ്തവ വിശ്വാസവും മൂല്യങ്ങളും പ്രഘോഷിക്കുന്ന രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നേതൃത്വത്തെ രൂപപ്പെടുത്തുന്ന പദ്ധതികൾ.

യുവജനവർഷത്തിന് ആരംഭം കുറിക്കുന്നതിന്റെ ഭാഗമായി 2024 ജനുവരി 7-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും യുവജന പതാക ഉയർത്തുകയും ഇതോടൊപ്പം തന്നിട്ടുള്ള പ്രത്യേക പ്രാർഥന ചൊല്ലുകയും വേണം. എല്ലാ യുവജനസംഗമങ്ങളിലും ഈ പ്രാർഥന ഉപയോഗിക്കാവുന്നതാണ്.

**യുവജനസഭയും വെല്ലുവിളികളും**

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 'ക്രിസ്തൂസ് വിവിത്' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഇപ്രകാരം പറയുന്നു, 'യുവജനങ്ങൾ സഭയുടെ ഇന്നാണ്'(അദ്ധ്യായം 3). ക്രൈസ്തവ യുവത്വം വെല്ലുവിളികളുടെ കാലഘട്ടത്തിലൂടെയാണ് ഇന്ന് കടന്നുപോകുന്നത്. എല്ലാക്കാലത്തും അത് അങ്ങനെ തന്നെയാണ് താനും. കത്തോലിക്കാ സ്വത്വബോധത്തിൽ നിന്നും അകലുന്ന യുവത്വം, ലഹരിയുടെയും ആസക്തികളുടെയും വലയിൽപ്പെടുന്നവർ, പ്രവാസ ജീവിതത്തിനായ് കുടിയേറ്റം നടത്തുന്ന യുവാക്കളുടെ വർദ്ധനവ്, അക്രമത്തെയും ഹിംസയെയും പ്രോത്സാഹിപ്പിക്കുന്ന പ്രത്യയശാസ്ത്രങ്ങളുടെ വളർച്ച, മാറിവരുന്ന മാധ്യമ സംസ്കാരം, ന്യൂനപക്ഷ ആനുകൂല്യങ്ങളുടെ അനീതിപരമായ വിതരണം, കാർഷിക രംഗത്തിന്റെ തകർച്ച, വന നിയമങ്ങളുടെയും തീരപരിപാലന നിയമങ്ങളുടെയും ഇടയിൽ തകരുന്ന മനുഷ്യ ജീവിതങ്ങൾ, വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ, ധ്രുവീകരണ പരിശ്രമങ്ങൾ, നിരീശ്വരവാദ പ്രത്യയശാസ്ത്രങ്ങൾ, കുടുംബങ്ങളെ അലോസരപ്പെടുത്തുന്ന അരാജകത്വവാദവും അയഞ്ഞ ലൈംഗിക ധാർമ്മികതകളും, ദളിത് ക്രൈസ്തവരോടുള്ള വിവേചനങ്ങൾ, അഴിമതിയുടെയും സ്വജന പക്ഷപാതത്തിന്റെയും മൂല്യരാഹിത്യത്തിന്റെയും രാഷ്ട്രീയം, മയക്കുമരു

ന്ന്, തീവ്രവാദം, കള്ളപ്പണം ഇവയുടെ അവിശുദ്ധ കൂട്ടുകെട്ട് തുടങ്ങിയവ വെല്ലുവിളികളാണ്. ഇവയെ സമചിത്തതയോടെ കൈകാര്യം ചെയ്യാൻ പ്രാപ്തിയും പക്വതയും ആത്മീയതയും ഉള്ള യുവജനങ്ങളിലാണ് സഭയുടെ പ്രതീക്ഷ.

പ്രാർത്ഥനയോടെ കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കുവാൻ സജ്ജരായ യുവജനങ്ങളാണ് സഭയുടെ കരുത്ത്. ഈ യുവജനങ്ങളെ സഹഗമിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മുതിർന്നവരുടെ സാന്നിധ്യം യുവജന ശുശ്രൂഷയെ സമ്പന്നമാക്കുന്നു. അവരെ ധീരരായ മിഷനറിമാരും ക്രിസ്തുവുമായി സൗഹൃദമുള്ള സമർപ്പിതരുമാക്കിത്തീർക്കുന്നു. നായിനിലെ വിധവയുടെ മകനോട് 'യുവാവേ, എഴുന്നേൽക്കുക' (ലൂക്കാ 7.14) എന്നും ജായ്റോസിന്റെ മകളോട് 'ബാലികേ എഴുന്നേൽക്കുക' (മർക്കോ 5.41) എന്നും പറഞ്ഞ യേശുക്രിസ്തു ഈ യുവജനവർഷത്തിൽ കേരളസഭയിലെ മുഴുവൻ യുവജനങ്ങളെയും അതുവഴി കേരള സഭയെയും വിശുദ്ധീകരിക്കുകയും വഴിനടത്തുകയും ചെയ്യട്ടെ.

സെഹിയോൻ ശാലയിൽ യേശുവിന്റെ ശിഷ്യരോടൊത്ത് പ്രാർത്ഥിച്ച പരിശുദ്ധ മറിയം തന്റെ മാധ്യസ്ഥ്യം കേരളസഭയിലെ യുവജനങ്ങൾക്കും അവരെ നയിക്കുന്നവർക്കും നൽകട്ടെ. ഈ യുവജന വർഷം ത്രിയേക ദൈവത്തിന്റെ കൃപയാൽ കേരള കത്തോലിക്കാസഭയിൽ സദ്ഫലങ്ങൾ പുറപ്പെടുവിക്കട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും ഏവർക്കും പൈതൃക ആശീർവാദം നേരുന്നു. ദൈവം ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
കെസിബിസി പ്രസിഡന്റ്
**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
കെസിബിസി വൈസ് പ്രസിഡന്റ്
**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
കെസിബിസി സെക്രട്ടറി ജനറൽ

---

NB: 2023 ഡിസംബർ 31-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# യുവജനവർഷ പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, കേരള സഭാ നവീകരണത്തിന്റെ ഭാഗമായി 2024 യുവജനവർഷമായി ആചരിക്കുവാൻ തന്ന കൃപയെ ഓർത്ത് അങ്ങേക്ക് നന്ദി പറയുന്നു. യുവാവായ ക്രിസ്തു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നു വന്നതുപോലെ കേരളസഭയിലെ യുവജനങ്ങളെല്ലാം വിശുദ്ധിയിലും വിശ്വാസത്തിലും പ്രത്യാശയിലും പരസ്പര സ്നേഹത്തിലും വളരുവാൻ അങ്ങ് കൃപചെയ്യണമേ. 'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' എന്ന യുവജനവർഷ ആപ്ത വാക്യം അനുദിന കർമങ്ങളുടെ ഭാഗമാക്കി മാറ്റാൻ പ്രാപ്തരാക്കണമെ. ദൈവവചനത്തിൽ ആഴപ്പെട്ടവരും പരിശുദ്ധ ദിവ്യകാരുണ്യത്തിൽ ബലപ്പെട്ടവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവരുമായ യുവജനങ്ങളാൽ തിരുസഭയെ സമ്പന്നമാക്കണമേ. പരിശുദ്ധ മാർപാപ്പായെയും മെത്രാന്മാരെയും വൈദികരെയും സന്യസ്തരെയും അല്മായ പ്രേഷിതരെയും കാത്തുപരിപാലിക്കണമെ. എല്ലാ യുവജന സംഘടനകളെയും അവരുടെ നേതാക്കളെയും അവരെ നയിക്കുന്നവരെയും വിശ്വാസത്തിൽ നവീകരിക്കണമെ. ദൈവവിളികൾ വർദ്ധിപ്പിക്കണമെ. പഠന മേഖലകളെയും തൊഴിലിടങ്ങളെയും ആശീർവദിക്കണമെ. കത്തോലിക്കാവിശ്വാസത്തിനു ചേർന്ന ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാനുള്ള വിവേകവും ജ്ഞാനവും നൽകി പരിപോഷിപ്പിക്കണമെ. പ്രവാസികളായ യുവജനങ്ങളെ കാത്തുകൊള്ളണമേ. കാലത്തിന്റെ അടയാളങ്ങളെ വായിക്കുവാനും പ്രലോഭനങ്ങളെ അതിജീവിക്കുവാനുമുള്ള വിവേകം അങ്ങ് നൽകണമേ. പരിശുദ്ധ അമ്മേ, വിശുദ്ധ യൗസേപ്പിതാവേ, തിരുസഭയിലെ സകല വിശുദ്ധന്മാരേ, യുവജനങ്ങൾക്കായി പ്രാർത്ഥിക്കണമേ. ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

Ref: 39908/K-5/KCBC/OL/DS 11.12.2023

# 2024 ജനുവരി 14 കർഷകദിനം

## കെസിബിസി ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഞാൻ പരാജയപ്പെട്ട കർഷകനാണ്, നെല്ലെടുത്തിട്ട് സർക്കാർ എനിക്ക് കാശ് തന്നില്ല എന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞ്, ആത്മഹത്യ ചെയ്ത കർഷകന്റെ വിലാപം ആബേലിന്റെ നിലവിളി പോലെ, കേരളത്തിന്റെ ആകാശത്തെ നൊമ്പരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ്, കേരള മെത്രാൻ സമിതിയുടെ (KCBC) ഇൻഫാം കമ്മീഷൻ, കർഷകർക്കുവേണ്ടി ഈ സർക്കുലർ എഴുതുന്നത്. ഗതികെട്ട് ദാരിദ്ര്യത്തിന്റെ പിച്ചച്ചട്ടിയേന്തി, അടിമാലി ടൗണിൽ രണ്ടു വയോധിക സ്ത്രീകൾ പ്രതിഷേധിച്ചതും നമുക്ക് മറക്കാറായിട്ടില്ല. തങ്ങളെ സംരക്ഷിക്കാൻ ഭരണഘടനാപരമായി ഉത്തരവാദിത്തപ്പെട്ട സർക്കാരിനു മുമ്പിൽ, കർഷകരും കർഷക ബന്ധുക്കളും നിലനിൽപ്പിനായി പ്രതിഷേധിക്കുമ്പോൾ, 'ഇവിടെ കൃഷി ചെയ്തില്ലെങ്കിലും ഒന്നും സംഭവിക്കാനില്ല' എന്ന തരത്തിലുള്ള നിരുത്തരവാദപരമായ പ്രസ്താവനകൾ, ബഹുമാന്യരായ ഭരണകർത്താക്കളിൽ നിന്നുണ്ടായതും നമ്മെ വല്ലാതെ അസ്വസ്ഥതപ്പെടുത്തുകയും ആശങ്കപ്പെടുത്തുകയും ചെയ്ത കാലം കൂടിയാണിത്. എല്ലാത്തരത്തിലും അവഗണിക്കപ്പെട്ട് കർഷകർ അതീവ ഗുരുതരമായ സ്വത്വപ്രതിസന്ധി അനുഭവിക്കുകയാണ്.

ഉല്പാദനം മുതൽ വിപണനം വരെയുള്ള സകല മേഖലകളിലും കർഷകർ സമാനതകളില്ലാത്ത അവഗണന നേരിടുകയാണ്. കർഷകർക്ക് ആശ്രയമായ ഏതുതരം കൃഷിയും; അത് നെല്ലോ, ഏലമോ, റബ്ബറോ, കപ്പയോ ഏതുമാകട്ടെ കർഷകന്റെ ജീവസന്ധാരണത്തിന് ഉപകരിക്കപ്പെടാത്തവിധം വിലത്തകർച്ചയെ നേരിടുകയോ, വൻകിട കമ്പനികളുടെ ചൂഷണത്തിന് വിധേയമാവുകയോ ചെയ്യുകയാണ്. തങ്ങൾ വിൽക്കുന്ന ഏലക്കായ്ക്ക് പണം കിട്ടണമെങ്കിൽ കമ്പനികൾക്ക് പലിശ നൽകേണ്ട വിചിത്ര സ്ഥിതിയിലാണ് ഏലം കർഷകർ. ഒരു ലക്ഷം രൂപയുടെ ഏലം സ്പൈസസ് ബോർഡിന്റെ അംഗീകാരമുള്ള ഓക്ഷൻ സെന്ററുകളിലൂടെ ഒരു കർഷകൻ വിറ്റാൽ അപ്പോൾത്തന്നെ പണം ലഭിക്കണമെങ്കിൽ 7.5% മുതൽ 12% വരെ പലിശ നൽകണം. സ്വന്തം ഉല്പന്നം വിറ്റിട്ട് അതിന്റെ പണം കിട്ടാൻ പലിശ നൽകണമെന്ന

വ്യവസ്ഥയേക്കാൾ ഹീനമായ ചൂഷണം മറ്റെന്തുണ്ട്?

ഇതിനേക്കാൾ ദാരുണമാണ് നെൽ കർഷകന്റെ സ്ഥിതി. വിറ്റ നെല്ലിന്റെ വില ബാങ്ക് വായ്പയായി വാങ്ങേണ്ടിവരുന്ന ദുർഗതിയിലാണ് നെൽ കർഷകർ. ചോര നീരാക്കി പാടത്തു പണിചെയ്യുന്ന കർഷകന്റെ നെല്ല് വാങ്ങിയശേഷം, രൊക്കം പണം നൽകുന്നതിനു പകരം സർക്കാർ തിരിച്ചടച്ചോളാം എന്ന വ്യവസ്ഥയിൽ വായ്പ തരപ്പെടുത്തിക്കൊടുത്തിട്ട്, കർഷകനെ കുടുക്കിലാക്കുന്ന ചതിയാണ് നെൽക്കർഷകരോട് ചെയ്യുന്നത്. സർക്കാർ വായ്പ തിരിച്ചടയ്ക്കുന്നില്ല. അതിന്റെ ഭാരം കർഷകന്റെ മേൽ വരുന്നു. വായ്പ കുടിശ്ശിക ചൂണ്ടിക്കാട്ടി ബാങ്കുകൾ കർഷകന് പുതിയ വായ്പ നിഷേധിക്കുന്നു. ഓർക്കണം തകഴിയിൽ കർഷകൻ ആത്മഹത്യ ചെയ്തത് ഈ ഊരാക്കുടുക്കിൽ പെട്ടാണ്. കർഷകർക്കു മുൻഗണന നൽകാതെ മാറിമാറി ഭരണം നടത്തിയ എല്ലാ സർക്കാർ സംവിധാനങ്ങളും കർഷകനെ ദരിദ്രനും നിസ്സഹായനുമാക്കിക്കളഞ്ഞു. 1980 കളിൽ 44 ശതമാനമായിരുന്ന കേരളത്തിന്റെ കാർഷിക മേഖല കേവലം 40 വർഷം കഴിയുമ്പോൾ വെറും 12% എന്ന ദയനീയ സ്ഥിതിയിലേയ്ക്ക് കൂപ്പുകുത്തിയിരിക്കുകയാണ്.

മലബാറിലും മധ്യകേരളത്തിലും മലയോര മേഖലകളിലും റബ്ബറിനെ മുഖ്യ ഉപജീവനമാർഗ്ഗമായി കരുതിയിരുന്നവരും കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കാൻ പോലും പറ്റാത്തവിധം സാമ്പത്തികമായി ശോചനീയ അവസ്ഥയിലായിക്കഴിഞ്ഞിരിക്കുന്നു. റബ്ബറിന് 250 രൂപ നൽകുമെന്ന് പ്രകടന പത്രികയിൽ പറഞ്ഞവർക്ക് ഒന്നും ചെയ്യാനാകുന്നില്ല. കർഷകരുടെ പക്ഷം നിൽക്കുന്നുവെന്ന് പറയുന്ന രാഷ്ട്രീയ പാർട്ടികൾക്കുപോലും ആർജ്ജവത്തോടെ ശബ്ദിക്കാനാകുന്നില്ല. അവരെല്ലാം കർഷകന്റെ ശബ്ദം ഉച്ചത്തിൽ വിളിച്ചു പറയുന്നവരുടെ വായടപ്പിക്കാൻ പാടുപെടുകയാണ്. മാധ്യമങ്ങൾപോലും കർഷകനെ കയ്യൊഴിയുന്ന സങ്കടകരമായ അവസ്ഥയാണ്. പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് വർഷങ്ങളായി നഷ്ടപരിഹാരം ലഭിക്കുന്നില്ല. ഉത്തരവാദിത്തപ്പെട്ടവർക്ക് കർഷകർ പരാതി നൽകുമ്പോൾ 'വെറുതെ നടന്ന് കാലു തേയാമെന്നേയുള്ളു' എന്ന മനസ്സു മടുപ്പിക്കുന്ന മറുപടിയാണ് തിരികെ ലഭിക്കുന്നത്. ഇതിനെല്ലാം പുറമേയാണ് വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന അന്യായവും അനീതിപരവുമായ നീക്കങ്ങൾ. അവർ കൃഷിഭൂമി കയ്യേറുന്നു. വന്യമൃഗങ്ങൾ കാടിറങ്ങുന്നു. ആനയും കടുവയും കാട്ടുപന്നിയുമൊക്കെ കർ

ഷകന്റെ ഭൂമിയിലിറങ്ങി പൂണ്ടുവിളയാട്ടം നടത്തുകയും ജീവനെടുക്കുകയുമാണ്. എരുമേലിയിലും അഞ്ചലിലും കാട്ടുപോത്തിന്റെ ആക്രമണങ്ങളിൽ കൊല്ലപ്പെട്ട തോമായും ചാക്കോയും സാമുവലും കാട്ടാനകളുടെ ശല്യംമൂലം വീടു പോലും ഉപേക്ഷിച്ചു പോകേണ്ടിവന്ന് ഒടുവിൽ പെൻഷൻ പോലും മുടങ്ങി ജീവനൊടുക്കിയ ഇരുട്ടിയിലെ സുബ്രഹ്മണ്യനുമൊക്കെ മനുഷ്യനേക്കാൾ മൃഗത്തിനു പ്രാധാന്യം കൊടുക്കുന്ന കർഷകവിരുദ്ധമായ നയങ്ങളുടെ ഇരകളാണെന്ന് നമുക്ക് മറക്കാതിരിക്കാം. മനുഷ്യവിരുദ്ധമായ എല്ലാ മൃഗസ്നേഹവാഴ്ത്തലുകളെയും നാം സംഘടിതമായി പ്രതിരോധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മനുഷ്യന്റെ ആവാസ വ്യവസ്ഥിതിയിൽ കടന്നു കയറി ജീവനും സ്വത്തിനും നാശം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവച്ചു കൊല്ലാനുള്ള അധികാരം ആ പ്രദേശത്തെ കർഷക കൂട്ടായ്മകൾക്കു നൽകണമെന്ന് കർഷകർക്കുവേണ്ടി കെ.സി.ബി.സി. ഇൻഫാം സമിതി സർക്കാരിനോട് ആവശ്യപ്പെടുന്നു.

സാമാന്യ ബോധത്തിനും യുക്തിക്കും നിരക്കാത്ത നിയമങ്ങൾ ആർക്കുവേണ്ടിയാണ് നിർമ്മിക്കുന്നത്? കയ്യേറ്റക്കാരെന്ന് ചിത്രീകരിച്ച് കാട്ടുമൃഗങ്ങളുടെ മുമ്പിൽ സ്വജീവൻ രക്ഷിക്കാനുള്ള അവകാശങ്ങൾ പോലും നിഷേധിച്ച്, വിൽക്കാൻ പോലും കഴിയാത്തവിധം കർഷകന്റെ വസ്തുക്കളെ നിയമത്തിൽ കുടുക്കുന്ന നടപടി ഏതു നിയമസഭയിൽ നിന്നുണ്ടായാലും അത് അവരെ വംശഹത്യ ചെയ്യുന്നതിനു കൂട്ടുനിൽക്കുന്നതിനു തുല്യമാണ്. പരിഷ്കൃത രാജ്യങ്ങളിൽ നിയതമായ എണ്ണത്തിൽ കൂടുതലായാൽ ദേശീയ മൃഗമാണെങ്കിൽപ്പോലും അതിന്റെ മാംസം ചന്തയിൽ വാങ്ങാൻ കിട്ടും എന്നോർക്കണം. എന്തൊരു യുക്തിഭദ്രതയില്ലാത്ത നിയമമാണ് നമ്മുടേത്? മനുഷ്യൻ മരിച്ചാലും മൃഗത്തിന്റെ മഹിമ ആഘോഷിക്കപ്പെടണം! അക്രമകാരികളായ മൃഗങ്ങളെ കൊല്ലാനുള്ള നിയമം പാസ്സാക്കാൻ ജനങ്ങളുടെ പ്രതിനിധികളായവർ തയ്യാറാകുന്നില്ലെങ്കിൽ ഈ സംസ്കാരത്തെ പ്രാകൃതമായ ഏതോ ഭൂതകാലത്തേക്ക് തിരികെ നയിക്കുന്നതിനു തുല്യമാകും.

ഭരിക്കുന്ന സർക്കാരുകൾക്കേ കർഷകരെ രക്ഷിക്കാനാകൂ. ഇനിയും കർഷകന്റെ കണ്ണീർ നമ്മുടെ മണ്ണിൽ വീഴാൻ ഇടവരുത്തരുത്. അവരുടെ മുടങ്ങിക്കിടക്കുന്ന ക്ഷേമപെൻഷനുകൾ നൽകണം. പ്രകൃതിക്ഷോഭം മൂലം നശിച്ച കൃഷികൾക്ക് ആശ്വാസപ്രദമായ നഷ്ടപരിഹാരമെങ്കിലും നൽകണം. കർഷകന്റെ ഭൂമിയിൽ കടന്നു കയറുന്ന വനംവകുപ്പിന്റെ നടപടികൾ അവസാനിപ്പിക്കണം. മനുഷ്യന്റെ ആവാ

സ വ്യവസ്ഥിതിയിലേക്ക് വന്യമൃഗങ്ങൾ കടന്നു കയറാത്തവിധം പരിഷ്കൃത രാജ്യങ്ങളിലേതുപോലെ വനത്തിനു ചുറ്റും ഫലപ്രദമായ കിടങ്ങുകളോ വേലിക്കെട്ടുകളോ നിർമ്മിക്കണം. റബ്ബറിന് പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്ത വിലനൽകാൻ ആർജ്ജവം കാണിക്കണം. നെല്ലുകർഷകനും ഏലം കർഷകനും അവരുടെ വിളവിന്റെ വില നൽകണം. കർഷകനുവേണ്ടി ശബ്ദമുയർത്താനുള്ള ധൈര്യം രാഷ്ട്രീയപാർട്ടികൾക്കും മാധ്യമങ്ങൾക്കുമുണ്ടാകണം.

ഈ സർക്കുലർ അവസാനിപ്പിക്കുമ്പോൾ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ (കെ.സി.ബി.സി.) ഇൻഫാം കമ്മീഷന് കുടുംബങ്ങൾക്ക് നല്കാൻ പ്രത്യേകമായൊരാഹ്വാനമുണ്ട്. കൃഷിയുടെ പാരമ്പര്യം നാം കൈമോശം വരുത്തരുത്. നമ്മുടെ കർത്താവ് ഈശോമിശിഹാ/യേശുനാഥൻ കൃഷിയേയും അതിന്റെ പാരമ്പര്യത്തേയും സ്നേഹിച്ചവനാണ്. അവിടുന്ന് പറഞ്ഞ ഉപമകളിൽ, അത് മുന്തിരിത്തോട്ടത്തിന്റെയും കൃഷിക്കാരുടെയും ഉപമയാകട്ടെ, വിതക്കാരന്റെ ഉപമയാകട്ടെ, കടുകുമണിയുടെ ഉപമയാകട്ടെ, വയലിന്റെയും നിധിയുടെയും ഉപമയാകട്ടെ, ഭൂരിഭാഗവും കൃഷിയുമായി ബന്ധപ്പെട്ടതായിരുന്നു. അതിനാൽ നമ്മുടെ ഭവനങ്ങളോട് ചേർന്ന് ഓരോ വീടിനും സ്വന്തമായി ഒരു കൃഷിത്തോട്ടമുണ്ടാകണം. അവിടെ ആഴ്ചയിൽ ഒരു ദിനമെങ്കിലും മണ്ണിൽ പണിയാൻ ഡോക്ടറോ, എഞ്ചിനീയറോ, ബിസിനസ്സുകാരനോ, അധ്യാപകനോ ആരുമാകട്ടെ തയ്യാറാകണം. ദിവസം ഒരു നേരമെങ്കിലും നമ്മൾ സ്വന്തമായി ഉദ്പാദിപ്പിച്ച ഭക്ഷ്യവിഭവങ്ങൾ കൂട്ടി ആഹാരം കഴിക്കാൻ നമുക്കാവണം. അങ്ങനെ നമുക്ക് കാർഷികവൃത്തിയെ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി നിലനിർത്താം. കർഷകന്റെ ശബ്ദമായ ഇൻഫാമിന് സകല പിന്തുണയും നൽകാൻ തയ്യാറാകാം.

മിശിഹായിൽ സ്നേഹപൂർവ്വം,

കെ.സി.ബി.സി. ഇൻഫാം സമിതിക്കുവേണ്ടി

**ബിഷപ്പ് റെമേജിയൂസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ കമ്മീഷൻ ചെയർമാൻ

---

NB: 2024 ജനുവരി 14-ാം തീയതി ഈ സർക്കുലർ കേരള കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# രൂപതക്കച്ചേരി

**O. 935/2023** **02/12/2023**

Hereby I constitute the Presbyteral Council for the period of 2023-2028 as per the revised Statutes of the Presbyteral Council of the Eparchy of Kothamangalam, (See O. 675/2023 (dated 28/08/2023) Deivarajyam September 2023 p. 18-23). The following Presbyters are the members of the newly constituted Presbyteral Council

**I Ex- Officio**

1. Mgr Francis Keeranpara (Protosyncellus)
2. Mgr Pius Malekandathil (Syncellus)
3. Rev Fr Jose Kulathoor (Chancellor)
4. Rev Fr Jose Pulparambil (Procurator)
5. Rev Fr Mathew Kochupurackal (Judicial Vicar& Rector)
6. Rev Fr Joseph Kallarackal (Catechism Director)
7. Rev Fr Mathew M Mundackal (Education Secretary)
8. Rev Fr Mathew Manjakunnel CMI (Provincial Superior: CMI Carmel Province)
9. Rev Fr Thomas Cheruparambil ( Protopresbyter: Kothamangalam)
10. Rev Fr John Mundackal (Protopresbyter: Arakuzha)
11. Rev Fr Joseph Mundunadayil (Protopresbyter: Kaliyar)
12. Rev Fr Stanley Pulprayil (Protopresbyter: Karimannoor)
13. Rev Fr Jacob Thalappillil (Protopresbyter: Kuruppumpady)
14. Rev Fr Mathews Malieckal (Protopresbyter: Mailacombu)
15. Rev Fr Mathew Konickal (Protopresbyter: Marika)
16. Rev Fr George Thanathuparambil (Protopresbyter: Muthalakodam)
17. Rev Fr Kuriakose Kodakallil (Protopresbyter: Muvattupuzha)
18. Rev Fr Mathew Athickal (Protopresbyter: Oonnukal)
19. Rev Fr James Vararapilly (Protopresbyter: Paingottoor)
20. Rev Fr Stanislaus Kunnel (Protopresbyter: Thodupuzha)
21. Rev Fr Jose Kuzhikanniyil (Protopresbyter: Vazhakulam)
22. Rev Fr Thomas J Parayidom (Protopresbyter: Velielchal)

**II Elected Members**

23. Rev Fr Mathew Ramanattu (Group I)
24. Rev Fr Sebastian Nedumpurath (Group II)
25. Rev Fr Mathew Puthenkulam (Group III)

26. Rev Fr Antony Maliyeckal (Group IV)
27. Rev Fr Sebastian Valiyathazhathu (Group V)
28. Rev Fr George Chemparathy (Group VI)
29. Rev Fr John Kadavan (Group VII)
30. Rev Fr Sebastian Kanimattathil (Group VIII)
31. Rev Fr George Thekkekara (Group IX)
32. Rev Fr Joseph Kochuparambil (Sr) (Group X)
33. Rev Fr Francis Karikunnel (Group XI)
34. Rev Fr George Thachil (Group XII)
35. Rev Fr Joseph Koithanath (Group XIII)
36. Rev Fr George Karakunnel (Group XIV)
37. Rev Fr Paul Parathazham (Group XV)
38. Rev Fr Thomas Kuzhinjalil (Group XVI)
39. Rev Fr Emmanuel Peechattu (Group XVII)
40. Rev Fr Varghese Vazhayil OFM Cap (Religious Representative)

**III Nominated Members**

41. Rev Fr Vincent Nedungatt
42. Rev Fr Jose Pulloppillil
43. Rev Fr Jacob Vadakkumparambil
44. Rev Fr Jose Moorkattil
45. Rev Fr Scaria Punnamattathil
46. Rev Fr Paul Kalathoor
47. Rev Fr Roy Kannanchira CMI

**Bishop George Madathikandathil**
Eparchy of Kothamangalam

Fr Jose Kulathoor
Chancellor

O.936/2023 02/12/2023

Hereby I constitute the College of Eparchial Consultors for the period of 2023-2028 as per the provisions of CCEO c. 271. The following Presbyters are the members of the newly constituted College of Eparchial Consultors.

1. Very Rev Mgr Francis Keeranpara
2. Very Rev Mgr Pius Malekandathil
3. Very Rev Fr Jose Pulparambil
4. Very Rev Fr Jose Kulathoor
5. Very Rev Fr Paul Parathazham
6. Very Rev Fr Kuriakose Kodakallil
7. Very Rev Fr Thomas Cheruparambil
8. Very Rev Fr Mathew M Mundackal
9. Very Rev Fr Sebastian Kanimattathil
10. Very Rev Fr Sebastian Nedumpurath

Mar George Madathikandathil
Bishop of Kothamangalam

Fr Jose Kulathoor
Chancellor

## C. 1/2024 സഭൈക്യവാരം

2024 ജനുവരി 18 മുതൽ 25 വരെ സഭകളുടെ ഐക്യത്തിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാനും പ്രവർത്തിക്കാനുമായി നീക്കിവച്ചിരിക്കുന്ന ദിവസങ്ങളാണ്. 2024 ക്രൈസ്തവൈക്യത്തിനുള്ള പ്രാർത്ഥനാവാരത്തിന്റെ വിചിന്തന വിഷയം "നീ നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കണം... നിന്റെ അയൽക്കാരനെ നിന്നെപ്പോലെയും" എന്നതാണ്. സഭൈക്യത്തിനായി ശ്രദ്ധേയമായ ശ്രമങ്ങൾ നടത്തിവരുന്ന കേരളത്തിലെ ക്രൈസ്തവസഭകൾക്ക്, വിശിഷ്യ കത്തോലിക്കാസഭയ്ക്ക് ഈ പ്രാർത്ഥനാവാരം ഏറെ പ്രധാനപ്പെട്ടതാണ്. സഭകളുടെ കൂട്ടായ്മയ്ക്കായി പ്രത്യേകം പ്രാർത്ഥനകൾ നടത്തിയും വിവിധ സഭകളുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിച്ചും ഇടവകകളും സ്ഥാപനങ്ങളും സഭൈക്യവാരാചരണം നടത്താൻ ശ്രദ്ധിക്കുമല്ലോ. സഭൈക്യവാരം സംബന്ധിച്ച പ്രാർത്ഥനകളും സർക്കുലറും രൂപതാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

*Bishop*

## C. 2/2024 സീറോ മലബാർ പ്രേഷിതവാരം

2024 ജനുവരി 06 മുതൽ 12 വരെ തീയതികളിൽ സീറോ മലബാർ സഭ പ്രേഷിതവാരം ആചരിക്കുകയാണ്. മിഷനെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് ഈ ആചരണത്തിന്റെ ലക്ഷ്യം. സീറോ മലബാർ സഭയുടെ എല്ലാ മിഷൻ പ്രദേശങ്ങളെയും പ്രത്യേകിച്ച് നമ്മുടെ രൂപതയുടെ ഒഡീഷായിലെ ജീവജ്യോതി മിഷനെയും മിഷനറിമാരെയും ദൈവതിരുമുമ്പിൽ സമർപ്പിച്ചു പ്രാർത്ഥിക്കാം.

*Bishop*

## C. 3/2024 ലോകസമാധാന ദിനം

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ചരമദിനമായ ജനുവരി 30-ാം തീയതി ലോകസമാധാന ദിനമായി ആചരിക്കുന്നു. നമ്മുടെ സമൂഹത്തിലും രാജ്യത്തും ലോകമെമ്പാടും സമാധാനം നിരന്തര ഭീഷണി നേരിടുന്ന ഈ കാലഘട്ടത്തിൽ ഈശോ നൽകുന്ന സമാധാനം സമൂഹത്തിൽ, പ്രത്യേകിച്ച് കുടുംബങ്ങളിൽ സ്ഥാപിതമാ

കാൻ നമുക്ക് പ്രാർത്ഥിക്കാം. അന്നേദിവസം ഉപവാസ ദിനമായി ആച രിക്കുന്നത് അനുഗ്രഹപ്രദമാണ്. സമാധാനത്തെ തകർക്കുന്ന സാഹ ചര്യങ്ങളിൽ നിന്ന് അകന്നു നിൽക്കുവാനും മറ്റുള്ളവരെ അതിന് പ്രേരി പ്പിക്കുവാനുമുള്ള പ്രചോദനം ഈ ദിനാചരണം നമുക്ക് നൽകട്ടെ. മദ്ധ്യപൂർവദേശത്തും ഉക്രെയിനിലും ആഭ്യന്തരയുദ്ധങ്ങൾ നടക്കുന്ന ആഫ്രിക്കൻ രാജ്യങ്ങളിലും സമാധാനമുണ്ടാകുവാൻ വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

*Bishop*

C. *4/2024* **മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമ വാർഷികം**

നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായ മാർ മാത്യു പോത്ത നാമുഴി പിതാവിന്റെ 42-ാം ചരമ വാർഷികം 2024 ഫെബ്രുവരി 6-ാം തീയതി ചൊവ്വാഴ്ചയാണ്. അഭിവന്ദ്യ പിതാവിന്റെ ആത്മശാന്തിക്കായി അന്നേദിവസം എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും അനുസ്മ രണ ശുശ്രൂഷകൾ നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

*Bishop*

C. *5/2024* **Presbyterium**

The Plenary meeting of the Priests of the Eparchy will be held on Tuesday, February 06, 2024 from 10.00 am to 1.00 pm at NESTT. All are expected to participate without fail.

*Bishop*

C. *6/2024* **വാർഷിക റിപ്പോർട്ട്**

പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ യിൽനിന്നും ലഭിക്കേണ്ട വാർഷിക റിപ്പോർട്ടുകൾ ജനുവരി 31 നകം രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. റിപ്പോർട്ടിനുള്ള ഫോറങ്ങൾ 2024 ജനുവരി മാസത്തിൽ അയയ്ക്കുന്നതാണ്. 2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കി തരുന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

*Protosyncellus*

## *C. 7/2024* Monthly Recollection for Priests

"Read in common Nos. YOUCAT 121-130

*Protosyncellus*

## C. *8/2024* കച്ചേരി അപേക്ഷകൾ

രൂപതക്കച്ചേരിയിലോ ഫൊറോന പള്ളികളിലോ അപേക്ഷകൾ സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട കക്ഷികളുടെ ഒപ്പ് നിർബന്ധമാണ്. ടി കക്ഷികൾ നാട്ടിലില്ലെങ്കിൽ പ്രസ്തുത അപേക്ഷ സ്കാൻ ചെയ്ത് അയച്ചു നൽകി അവർ ഒപ്പിട്ട് തിരിച്ചും സ്കാൻ ചെയ്ത് അയച്ചു നൽകി സമർപ്പിക്കേണ്ടതാണ്.

**പള്ളിയിൽ നിന്ന് അമ്പതിനായിരം രൂപ മുതൽ മൂന്നു ലക്ഷം രൂപ വരെ** ചെലവാക്കുന്ന ഏതൊരു കാര്യത്തിനും പാരിഷ് കൗൺസിൽ തീരുമാനമനുസരിച്ച് ബഹുമാനപ്പെട്ട വികാരിയുടെയും കൈകാരന്മാരുടെയും ഒപ്പോടുകൂടെ കച്ചേരിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. **മൂന്നു ലക്ഷത്തിന് മുകളിൽ ചെലവാക്കുന്ന കാര്യങ്ങൾക്ക് പൊതുയോഗ തീരുമാനമനുസരിച്ചാണ്** ബഹുമാനപ്പെട്ട വികാരിയുടെയും കൈക്കാരന്മാരുടെയും ഒപ്പോടുകൂടെ കച്ചേരിയിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

*Protosyncellus*

## C. *9/2024* രസീതുകൾ

ഇനിമുതൽ സംഭാവനകൾ സ്വീകരിക്കുമ്പോൾ നൽകുന്ന രസീതിൽ സംഭാവന നൽകുന്നവരുടെ പാൻകാർഡ് നമ്പറോ ആധാർ കാർഡ് നമ്പറോ നിർബന്ധമായും ചേർക്കേണ്ടതാണ്.

*Procurator*

## PC. *1/2024* പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

2021-23 പാസ്റ്ററൽ കൗൺസിലിന്റെ അവസാനയോഗം 2023 ഡിസംബർ 16-ാം തീയതി മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. സി. ഫിലോമിന എസ്.എ.ബി.എസ്. നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹു. മോൺ ഫ്രാൻസീസ് കീരംപാറ സ്വാഗതമാശംസിച്ചു. സെക്രട്ടറി ഫാ. ജോസ് കുളത്തൂർ കഴിഞ്ഞ സമ്മേളനത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ച് പാസാക്കി. തുടർന്ന് നടന്ന അദ്ധ്യക്ഷ പ്രസംഗത്തിൽ

മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഇന്ന് ക്രൈസ്തവസമൂഹം നേരിടുന്ന വെല്ലുവിളികളെ പരാമർശിച്ചു. ക്രൈസ്തവസമൂഹത്തിനും സമുദായത്തിനും വേണ്ടി ശബ്ദമുയർത്താനാരുമില്ലെന്നും ഈ സമൂഹത്തിന്റെ ആവശ്യങ്ങളെയെല്ലാം സർക്കാർ അവഗണിക്കുകയാണെന്നും ചൂണ്ടിക്കാട്ടി. എന്നാൽ ആരും സഹായത്തിനില്ലാത്തപ്പോൾ ദൈവത്തിന്റെ സഹായം നമുക്കു ലഭിക്കുമെന്നും അതിനാൽ നാം ഭയപ്പെടേണ്ടതില്ലെന്നും അഭിവന്ദ്യ പിതാവ് കൂട്ടിച്ചേർത്തു. ഈ മൂന്നുവർഷക്കാലം രൂപതയുടെ അജപാലനപരമായ കാര്യങ്ങളിൽ നിർണായക തീരുമാനങ്ങളെടുക്കാൻ സഹായിച്ച ഈ പാസ്റ്ററൽ കൗൺസിലിനെ അഭിവന്ദ്യ പിതാവ് നന്ദിയോടെ അനുസ്മരിച്ചു.

തുടർന്ന് എപ്പാർക്കിയൽ അസംബ്ലിയുടെ ആക്ഷൻ പ്ലാൻ കൗൺസിലിനു മുമ്പാകെ അവതരിപ്പിച്ചു. യുവജനങ്ങളുടെ പ്രാതിനിധ്യം സഭാസംവിധാനങ്ങളിൽ അല്പം കൂടി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. സാധ്യമാകുന്നിടത്തോളം അതിനു ശ്രമിക്കാമെന്ന ഉറപ്പ് അദ്ധ്യക്ഷൻ നൽകി. ചെറിയൊരു ഇടവേളയ്ക്കുശേഷം നടന്ന സമ്മേളനത്തിൽ വച്ച് മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്കോളർഷിപ്പിന് അർഹരായ 17 കുട്ടികളെ അഭിനന്ദിച്ച് അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് സംസാരിക്കുകയും അവർക്ക് സ്കോളർഷിപ്പു തുകയായ 25000/- രൂപയുടെ ചെക്ക് വിതരണം ചെയ്യുകയും ചെയ്തു. കൗൺസിൽ അംഗങ്ങൾക്കെല്ലാവർക്കും ക്രിസ്തുമസ് ആശംസകൾ നേർന്ന് ശ്രീ. ദീപു വലിയമറ്റം സംസാരിച്ചു. 12.40 -ന് ഉച്ചഭക്ഷണത്തിനായി പിരിഞ്ഞ കൗൺസിൽ 1.10-ന് വീണ്ടും സമ്മേളിച്ച് രൂപതയിലെ വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും കണക്ക് അവതരിപ്പിച്ച് പാസ്സാക്കി. 3.30-ന് സെക്രട്ടറി ഫാ. ജോസ് കുളത്തൂരിന്റെ നന്ദി പ്രകാശനത്തോടെ സമ്മേളനം സമാപിച്ചു.

*Secretary*

Pr. C. *1/2024* **Report of the Presbyteral Council, 12th December 2023**

The first session of the newly constituted Presbyteral Council of the Eparchy of Kothamangalam commenced at 10 am on December 12, 2023, at the Bishop's House. The gathering opened with a prayer, followed by a warm welcome from Rev. Mgr. Francis Keeranpara, the

Protosyncellus. The Decree of the Bishop, notifying the constitution of the Presbyteral Council, was then read out by Rev Fr Jose Kulathoor, the Secretary.

His Excellency Mar George Madathikandathil extended a warm welcome to all the members and distributed the new Eparchial Diary. The Secretary presented the previous Presbyteral Council's report, which the members duly passed. Before further discussions, Rev Fr Mathew Kochupurackal raised concerns about the voting practice in the constituency of the religious priests and spoke about the need for granting voting rights to priests from the CMI Congregation although its provincial is an ex-officio member of Presbyteral Council. The President citing recent statute changes clarified that an amendment could be considered before the next election.

In his Presidential Address, Bishop expressed gratitude to parish priests and participants for the successful celebration of Eucharistic day in all the parishes of the diocese. He stressed the need for increased lay involvement in parish activities and called for unity within the Church amidst various challenges faced by the Christian community. The Bishop urged for fostering a community spirit, stressing the idea of Church as a community.

The ensuing discussion, moderated by Rev Mgr Pius Malekandathil, touched upon various topics pertaining to the domain of pastoral care. Rev Fr Jose Kulathoor presented the Action Plan of the diocese at different levels based on the discussions in the Eparchial Assembly. It was unanimously accepted, and approved for phase-by-phase implementation. Opinions diverged on the issue of Sunday market, with some members proposing the idea of “Saturday Evening Markets” to retain the sacredness of Sunday.

The Bishop informed the members about the proposal for the renewal of Divine Mercy Shrine, Thodupuzha, outlining a step-by-step procedure. The meeting briefly adjourned for a Coffee Break, after which Rev Fr Chancellor provided updates on Jeeva Jyothi Mission Utkela and the recent land acquisition for the Mission house.

In the meeting, elections were held for the Executive and Agenda Committees of the Council. Very Rev Frs Thomas Cheruparambil, Thomas Parayidom and Joseph Koithanath were elected as members of the newly constituted Executive Committee, in which the President and the Secretary are the ex-officio members. In the Agenda Committee the Secretary shall be the ex-officio member and the elected members are Very Rev Frs Mathew Konickal and George Thachil.

The accounts of various institutions and societies/trusts of the diocese were presented in the meeting. Discussions also centered on the need to adhere to the new financial regulations. Rev Fr Sebastian Kanimattathil gave Christmas message and extended prayerful wishes to all before the Lunch Break. After the Lunch various institutions/ associations of the Diocese presented their accounts. The requests of some members for the accounts of FCRA of the Diocese, Society for Divine Worship and Divine Mercy Shrine, were taken into consideration and the president promised that the priests in charge of concerned departments/societies will present their accounts from next year onwards.

The meeting ended at 4:00 pm with a Vote of Thanks from Rev Mgr Pius Malekandathil, the Syncellus.

*Secretary*

## Js. *1/2024* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ മെത്രാഭിഷേക രജതജൂബിലിയുടെ സ്മരണയ്ക്കായി സ്ഥാപിച്ച സ്കോളർഷിപ്പ് ഫണ്ടിന്റെ വിതരണം 2023 ഡിസംബർ 16-ാം തീയതി ശനിയാഴ്ച നെസ്റ്റിൽ കൂടിയ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് നിർവ്വഹിച്ചു. പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന തിരഞ്ഞെടുക്കപ്പെട്ട 17 വിദ്യാർത്ഥികൾക്ക് 25,000 രൂപ വീതമാണ് നല്കിയത്. ഇപ്പോൾ പഠനം നടത്തിക്കൊണ്ടിരിക്കുന്ന 94 വിദ്യാർത്ഥികളിൽനിന്നും യോഗ്യതാപരീക്ഷയുടെയും സാമ്പത്തിക നിലവാരത്തിന്റെയും അടിസ്ഥാനത്തിലാണ് 17 പേരെ തെരഞ്ഞെടുത്തത്. സ്കോളർഷിപ്പിന് അർഹരായവരുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

| No. | Name | Address | Parish |
|---|---|---|---|
| 1 | Mr. Alphy Roy | Thazhathupurackal (H) | Malippara |
| 2 | Ms. Nirmal Shaji | Akkamthiriyil (H) | Njarakad |
| 3 | Mr. Alan Shaji John | Koottakallumkal (H) | Nediakad |
| 4 | Mr. Dominic K Paul Raj | Kolliekunnel (H) | Marika |
| 5 | Mr. Romal Roy | Konasseriyil (H) | Cheenikuzhy |
| 6 | Ms. Josmy Jose | Kottandadan (H) | Kuruppumpady |
| 7 | Ms. Sona Sijo | Mancheril (H) | Njarakad |
| 8 | Ms. Maria Catherine Jimmy | Arambankudiyil (H) | Velielchal |
| 9 | Ms. Agnus Maria Joy | Pawathil (H) | Muttathupara |
| 10 | Ms. Alanta Maria Shaji | Kunnathukuzhiyil (H) | Udumbannoor |
| 11 | Ms. Siya Maria Jaison | Paikattu (H) | Anicadu |
| 12 | Ms. Densa Joshy | Kurukkoor (H) | Marady |
| 13 | Ms. Dilna Biju | Puthiyedath (H) | Pothanikad |
| 14 | Mr. Albert Harold | Nedumkallel (H) | Kadavoor |
| 15 | Mr. Joel Francis | Kunnumpurath (H) | Mailacombu |
| 16 | Ms. Aparna Thomas | Moozhikachalil (H) | Arikuzha |
| 17 | Mr. Jeswin Jaison | Thuruthipara (H) | Kalayanthani |

*Secretary*

# P.W.A.

*PWA. 1/2024* **P.W.A General Body Meeting**

A General Body Meeting of the Priests' Welfare Association is arranged to be held on 6th February 2024 Tuesday at 2.00 pm at NESTT. All members are requested to attend this meeting. Topics to be included in the agenda may be sent to the secretary before 18th January 2024.

*PWA Secretary*

# Jeevajyoti Mission Utkela, Odisha

*OM 1 /2024* **സ്ഥലം വാങ്ങിച്ചു**

ഒഡീഷ മിഷന്റെ പ്രവർത്തനങ്ങൾക്കായി കോതമംഗലം രൂപത ഉത്കലയിൽ 1 ഏക്കർ 19 സെന്റ് സ്ഥലം വാങ്ങിച്ചു.

*OM 2 /2024* **അജപാലന സന്ദർശനം**

കോതമംഗലം രൂപത മെത്രാൻ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവും, രൂപതാ പ്രൊക്യൂറേറ്റർ ബഹു. ജോസ് പുൽപറമ്പിൽ അച്ചനും മിഷൻ സ്റ്റേഷൻ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ഒപ്പം ഒഡീഷയിലെ മറ്റു മിഷൻ സ്റ്റേഷനുകളും ജഗദൽപൂർ ബിഷപ്സ് ഹൗസും സന്ദർശിച്ച് ക്രിസ്തുമസ് ആശംസകൾ നേർന്നു.

*OM 3 /2024* **ക്രിസ്തുമസ് ആഘോഷം**

വില്ലേജുകളിൽ ക്രിസ്തുമസിനോടനുബന്ധിച്ച് പ്രാർത്ഥനയും ക്രിസ്തുമസ് ആഘോഷവും നടത്തി.

# മൈനർ സെമിനാരി

*MS 1 /2024* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1. | A Benefactor | ₹ 10,000 |
| 2. | Mr Mathew V.T. Vattakuzhiyil, Muthalakodam | ₹ 6,000 |
| 3. | Mr Shaji John Kannikkattu, Kalloorkad | ₹ 105,000 |
| 4. | Mrs Leela Joseph Panjikaran, Muvattupuzha East | ₹ 15,000 |
| 5. | Mr Joann Nithin Thazhathuveettil, Muvattupuzha East | ₹ 10,000 |
| 6. | Fr Sebastian Konthempillil | ₹ 10,000 |
| 7. | Mr Thomas Kurian Velamkunnel, Anicadu | ₹ 15,000 |
| 8. | Mrs P.V. Teresa Pothanikattu, Kothamangalam | ₹ 500,000 |
| 9. | Mr Sam Valiyamaruthumkal, Kalayanthani | ₹ 50,000 |
| 10. | Mr Mathew Thomas Peechatt, Nellimattom | ₹ 40,000 |
| 11. | Mr Francis Thomas Pichappillil, Kozhikode | ₹ 3,000 |
| 12. | Mr Punnoose Parekunnel, Vannapuram | ₹ 6,000 |
| 13. | Mrs Maria O.J. Onattu, Arakuzha | ₹ 10,000 |
| 14. | Mr Joice Alex Kottuppillil, Vadakode | ₹ 50,000 |
| 15. | Mr Jomon Chathamkandathil, Mathirappilly | ₹ 1,000 |
| 16. | A Benefactor | ₹ 25,000 |

17. Mr Sebastian Ouepparambil, Thodupuzha East ₹ 1,000
18. Fr Vincent Nedungatt ₹ 10,000
19. Mr Peter Paily Parayidathil, Mathirappilly ₹ 50,000
20. Mr Prageesh C. Mathew Chimminikatt, Perumpallichira ₹ 2,500
21. Mrs Lucy Babu Kulathoor, Thottakara ₹ 10,000

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

# വിജ്ഞാനഭവൻ

*V. 1/2024* **നന്ദി**

2023 ഡിസംബർ 2-ന് നെസ്റ്റിൽ നടന്ന പി.റ്റി.എ. സെമിനാറിലും ഡിസംബർ 3, 9, 10, 17 തീയതികളിൽ പ്ലസ് ടു കുട്ടികൾക്കായി നടന്ന FACE പ്രോഗ്രാമിലും പങ്കെടുത്ത എല്ലാവർക്കും അവരെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർ, കൊച്ചച്ചന്മാർ, ഹെഡ്മാസ്റ്റർമാർ എന്നിവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

*V.2/2024* **സമ്മാനദാനം**

2023-ലെ ലോഗോസ് ക്വിസിൽ A മുതൽ F വരെ വിഭാഗങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർ, കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ, അംഗസംഖ്യാനുപാതത്തിൽ കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ, കോൺഗ്രിഗേഷൻ, ഓരോ വിഭാഗത്തിലെയും സമ്മാനാർഹരായ വിശ്വാസപരിശീലകർ, ടീച്ചേഴ്സ് ക്വിസ് വിജയികൾ, ലേഖന മത്സര വിജയികൾ, 4, 7, 10 ക്ലാസ്സുകളിലെ കഴിഞ്ഞ അദ്ധ്യയനവർഷത്തിലെ സ്കോളർഷിപ്പ് വിജയികൾ, 12-ാം ക്ലാസ്സിൽ 1, 2, 3 സ്ഥാനം നേടിയവർ, കഥാരചന, വാട്ടർ കളറിംഗ്, കളറിംഗ് മത്സര വിജയികൾ, SMC രൂപതാ വിജയികൾ, Mission Quest വിജയികൾ എന്നിവർക്കുള്ള സമ്മാനങ്ങൾ ബിഷപ്സ് ഹൗസിൽ വച്ച് 2024 ജനുവരി 20-ാം തീയതി ശനിയാഴ്ച 2.00 pm-ന് അഭിവന്ദ്യപിതാവ് നൽകുന്നു. സമ്മാനാർഹരായവർ തദവസരത്തിൽ എത്തിച്ചേരേണ്ടതാണ്.

### *V. 3/2024* **പ്രൈവറ്റ് രജിസ്ട്രേഷൻ**

XI, XII ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവർ മൂവാറ്റുപുഴ നെസ്റ്റിൽ സ്റ്റേ ചെയ്ത് ജനുവരി 12, 13 തീയതികളിലായി നടക്കുന്ന കോൺടാക്റ്റ് ക്ലാസ്സിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്ന കാര്യം ബഹു. ഹെഡ്മാസ്റ്റർമാർ കുട്ടികളെ മുൻകൂട്ടി അറിയിക്കുമല്ലോ.

**കോൺടാക്റ്റ് ക്ലാസ്സ് II-ാം സെമസ്റ്റർ**

XI -2024 ജനുവരി 12, 5.00 pm മുതൽ ജനുവരി 13, 4.00 pm വരെ
XII -2024 ജനുവരി 12, 5.00 pm മുതൽ ജനുവരി 13, 4.00 pm വരെ
സ്ഥലം : നെസ്റ്റ് മൂവാറ്റുപുഴ

NB: രണ്ട് കോൺടാക്റ്റ് ക്ലാസ്സുകളിലും വരുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

കോൺടാക്റ്റ് ക്ലാസ്സിൽ വരുമ്പോൾ വിശുദ്ധ ബൈബിൾ, പാഠപുസ്തകം, ഉപപാഠപുസ്തകം, ചെറിയവേദോപദേശം, നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരണം.

### *V.4/2024* **സൺഡേ സ്കൂൾ സന്ദർശനം**

2023-24 വിശ്വാസപരിശീലന വർഷത്തിലെ സൺഡേ സ്കൂൾ സന്ദർശനം ജനുവരി മാസത്തിലെ 21, 28 എന്നീ തീയതികളിൽ നടക്കുന്നതാണ്. **ഇക്കാര്യം അറിയിച്ച് വികാരിയച്ചന്മാർക്ക് ലെറ്റർ അയച്ചിട്ടുള്ളതാണ്. ആർക്കെങ്കിലും കിട്ടാത്തതുണ്ടെങ്കിൽ ഇതൊരു അറിയിപ്പായി കണക്കാക്കുമല്ലോ.**

**നിർദ്ദേശങ്ങൾ**

1 സൺഡേ സ്കൂൾ അദ്ധ്യാപകരാണ് പരസ്പരം സന്ദർശനം നടത്തുന്നത്.
2 സന്ദർശന സമയത്ത് HM/Staff Secretary നിർബന്ധമായും സൺഡേ സ്കൂളിൽ ഉണ്ടായിരിക്കേണ്ടതാണ്.
3 സൺഡേ സ്കൂൾ വിസിറ്റ്, സൺഡേ സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും താരതമ്യം ചെയ്യാനും നമ്മുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുമുള്ള ഒരവസരമായി പ്രയോജനപ്പെടുത്തേണ്ടതാണ്.

4 **സൺഡേ സ്കൂളുകളിൽ ചെല്ലുമ്പോൾ ആദ്യമേതന്നെ വികാരിയച്ചനെകണ്ട് പരിചയപ്പെടേണ്ടതാണ്. വികാരിയച്ചന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.**

5 **നിങ്ങൾ പോകുന്ന സൺഡേ സ്കൂളിൽ അദ്ധ്യാപകർക്കോ കുട്ടികൾക്കോ നിർദ്ദേശങ്ങളോ തിരുത്തലുകളോ നൽകരുത്.**

6 നിങ്ങൾ പോകുന്ന ഇടവകയിലെ വികാരിയച്ചനെ വിളിച്ച് കുർബാനയുടെ സമയം ചോദിച്ച് മനസ്സിലാക്കിയിരിക്കണം. കുർബാനയ്ക്ക് ഒരു മണിക്കൂർമുമ്പ് പള്ളിയിൽ എത്താൻ ശ്രമിക്കണം.

7 രണ്ട് അധ്യാപകരാണ് (വലിയ ഇടവകകളിൽ മൂന്ന് അധ്യാപകർ) വിസിറ്റിന് പോകേണ്ടത്. രണ്ടിൽ കൂടുതൽ പേർ പോകുന്നുണ്ടെങ്കിൽ അക്കാര്യം നേരത്തെ വികാരിയച്ചനെ അറിയിക്കണം. (HM/ Staff Secretary എന്നിവരിൽ ഒരാൾ കൂടെയുണ്ടെങ്കിൽ നല്ലതാണ്.)

8 രണ്ട്/മൂന്ന് അദ്ധ്യാപകരുടെ ഭക്ഷണം എല്ലാ ഇടവകയിലും ക്രമീകരിക്കുകയാണെങ്കിൽ നല്ലതാണ്.

9 വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും വാർഷിക വിസിറ്റിന് വേണ്ട ഫോമുകൾ തന്നിട്ടുണ്ട്. വിസിറ്റിന് പോകുമ്പോൾ അത് കൊണ്ടുപോകേണ്ടതാണ്.

10 സൺഡേ സ്കൂൾ വിസിറ്റിനു പോകുന്നവർ നിർദ്ദിഷ്ട ഫോമുകൾ കൃത്യമായി പൂരിപ്പിച്ച് (ഇടവക, ഓരോന്നിനും നൽകുന്ന മാർക്ക്, ആനിമേറ്ററുടെ പേര്, ഒപ്പ്, തീയതി) 5 ദിവസത്തിനുള്ളിൽ വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കേണ്ടതാണ്.

11 പരസ്പരമുള്ള സന്ദർശനത്തിന് ആരും മുടക്കം വരുത്താതിരിക്കാൻ ഹെഡ്മാസ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കണം. ഏതെങ്കിലും കാരണവശാൽ പോകാൻ അസൗകര്യമുണ്ടായാൽ എത്രയും വേഗം വിജ്ഞാനഭവൻ ഓഫീസിലും പോകേണ്ട ഇടവകയിലും അറിയിക്കണം.

12 **വിസിറ്റിന് പോകുന്ന അദ്ധ്യാപകർ, ഇടവകകളിൽ വികാരിയച്ചന്മാർ ചെയ്യുന്ന അജപാലന-കൗദാശിക ശുശ്രൂഷകളെക്കുറിച്ചുള്ള വിമർശനങ്ങളോ വിലയിരുത്തലുകളോ ഒരു കാരണവശാലും നടത്തരുത്.**

## കോതമംഗലം ഊന്നുകൽ ഫൊറോനകൾ

| 21-01-2024 | | | 28-01-2024 | | |
|---|---|---|---|---|---|
| കത്തീഡ്രൽ | ← | പെരുമണ്ണൂർ | വേട്ടാംപാറ | ← | ഇഞ്ചൂർ |
| ഇഞ്ചൂർ | ← | പുലിയൻപാറ | അംബികാപുരം | ← | നാടുകാണി |
| കോഴിപ്പിള്ളി | ← | ഇഞ്ചത്തൊട്ടി | ഇഞ്ചത്തൊട്ടി | ← | മലയിൻകീഴ് |
| മാലിപ്പാറ | ← | ഊന്നുകൽ | നെല്ലിമറ്റം | ← | തൃക്കാരിയൂർ |
| മലയിൻകീഴ് | ← | അംബികാപുരം | നസ്രത്തുവാലി | ← | മാമലക്കണ്ടം |
| മാതിരപ്പിള്ളി | ← | വേട്ടാംപാറ | നീണ്ടപാറ | ← | രാമല്ലൂർ |
| നാടുകാണി | ← | നീണ്ടപാറ | നേര്യമംഗലം | ← | മാലിപ്പാറ |
| നെല്ലിക്കുഴി | ← | നെല്ലിമറ്റം | ഊന്നുകൽ | ← | നെല്ലിക്കുഴി |
| രാമല്ലൂർ | ← | പരീക്കണ്ണി | പരീക്കണ്ണി | ← | കത്തീഡ്രൽ |
| തൃക്കാരിയൂർ | ← | നേര്യമംഗലം | പഴമ്പിള്ളിച്ചാൽ | ← | മാമലക്കണ്ടം |
| മാമലക്കണ്ടം | ← | പഴമ്പിള്ളിച്ചാൽ | പെരുമണ്ണൂർ | ← | കോഴിപ്പിള്ളി |
| | | | പുലിയൻപാറ | ← | മാതിരപ്പിള്ളി |

## കുറുപ്പംപടി വെളിയേൽച്ചാൽ ഫൊറോനകൾ

| 21-01-2024 | | | 28-01-2024 | | |
|---|---|---|---|---|---|
| കോട്ടപ്പടി | ← | പൂയംകുട്ടി | കുട്ടമ്പുഴ | ← | കോട്ടപ്പടി |
| കുറുപ്പംപടി | ← | ഉരുളൻതണ്ണി | ഞായപ്പിള്ളി | ← | മുട്ടത്തുപാറ |
| കുത്തുങ്കൽ | ← | ഞായപ്പിള്ളി | പൂയംകുട്ടി | ← | കുറുപ്പംപടി |
| മുട്ടത്തുപാറ | ← | കുട്ടമ്പുഴ | ഉരുളൻതണ്ണി | ← | കീരംപാറ |
| നെടുങ്ങപ്ര | ← | വെളിയേൽച്ചാൽ | വടാട്ടുപാറ | ← | നെടുങ്ങപ്ര |
| കീരംപാറ | ← | വടാട്ടുപാറ | വെളിയേൽച്ചാൽ | ← | കുത്തുങ്കൽ |

## കാളിയാർ പൈങ്ങോട്ടൂർ ഫൊറോനകൾ

| 21-01-2024 | | | 28-01-2024 | | |
|---|---|---|---|---|---|
| കാളിയാർ | ← | പോത്താനിക്കാട് | കടവൂർ | ← | കാളിയാർ |
| കൊടുവേലി | ← | പുന്നമറ്റം | കുളപ്പുറം | ← | വണ്ണപ്പുറം |
| മുണ്ടൻമുടി | ← | കുളപ്പുറം | മുള്ളരിങ്ങാട് | ← | മുണ്ടൻമുടി |
| ഞാറക്കാട് | ← | പൈങ്ങോട്ടൂർ | പൈങ്ങോട്ടൂർ | ← | ഞാറക്കാട് |
| തെന്നത്തൂർ | ← | രാജഗിരി | പോത്താനിക്കാട് | ← | തൊമ്മൻകുത്ത് |
| തൊമ്മൻകുത്ത് | ← | മുള്ളരിങ്ങാട് | പുന്നമറ്റം | ← | കൊടുവേലി |
| വണ്ണപ്പുറം | ← | കടവൂർ | രാജഗിരി | ← | തെന്നത്തൂർ |

## ആരക്കുഴ, മൂവാറ്റുപുഴ, വാഴക്കുളം ഫൊറോനകൾ

| 21-01-2024 | | | 28-01-2024 | | |
|---|---|---|---|---|---|
| ആരക്കുഴ | ← | കാവക്കാട് | മൂവാറ്റുപുഴ ഈസ്റ്റ് | ← | പെരിങ്ങഴ |
| അരിക്കുഴ | ← | വടകോട് | രണ്ടാർ | ← | തോട്ടക്കര |
| മീങ്കുന്നം | ← | രണ്ടാർ | വാഴപ്പിള്ളി ഈസ്റ്റ് | ← | ആനിക്കാട് |

| | | | | | |
|---|---|---|---|---|---|
| പെരിങ്ങഴ | ← | ആയവന | ആയവന | ← | ആരക്കുഴ |
| പെരുമ്പല്ലൂർ | ← | വാഴക്കുളം | ബെസ്ലഹം | ← | മാറാടി ഈസ്റ്റ് |
| തോട്ടക്കര | ← | വാഴപ്പിള്ളി ഈസ്റ്റ് | ഏനാനല്ലൂർ | ← | മൂവാറ്റുപുഴ |
| ആനിക്കാട് | ← | കല്ലൂർക്കാട് | കദളിക്കാട് | ← | കാരക്കുന്നം |
| കാരക്കുന്നം | ← | നടുക്കര | കല്ലൂർക്കാട് | ← | പെരുമ്പല്ലൂർ |
| മാറാടി ഈസ്റ്റ് | ← | മൂവാറ്റുപുഴ ഈസ്റ്റ് | കാവക്കാട് | ← | മേക്കടമ്പ് |
| മേക്കടമ്പ് | ← | ബെസ്ലഹം | നടുക്കര | ← | മുടവൂർ |
| മുടവൂർ | ← | ഏനാനല്ലൂർ | വടകോട് | ← | അരിക്കുഴ |
| മൂവാറ്റുപുഴ | ← | കദളിക്കാട് | വാഴക്കുളം | ← | മീങ്കുന്നം |

**കരിമണ്ണൂർ മുതലക്കോടം ഫൊറോനകൾ**

| 21-01-2024 | | | 28-01-2024 | | |
|---|---|---|---|---|---|
| ചീനിക്കുഴി | ← | ചാലാശ്ശേരി | തട്ടക്കുഴ | ← | ചെപ്പുകുളം |
| ചെപ്പുകുളം | ← | ഉപ്പുകുന്ന് | ഉടുമ്പന്നൂർ | ← | ചിലവ് |
| ചിലവ് | ← | വണ്ടമറ്റം | ഉപ്പുകുന്ന് | ← | മലയിഞ്ചി |
| കരിമണ്ണൂർ | ← | ഉടുമ്പന്നൂർ | ചാലാശ്ശേരി | ← | മുളപ്പുറം |
| മലയിഞ്ചി | ← | വാഴക്കാല | കോടിക്കുളം | ← | നെയ്യശ്ശേരി |
| മുളപ്പുറം | ← | തട്ടക്കുഴ | മുതലക്കോടം | ← | പള്ളിക്കാമുറി |
| നെയ്യശ്ശേരി | ← | മുതലക്കോടം | പാറപ്പുഴ | ← | കരിമണ്ണൂർ |
| പള്ളിക്കാമുറി | ← | കോടിക്കുളം | വണ്ടമറ്റം | ← | പെരിങ്ങാശ്ശേരി |
| പെരിങ്ങാശ്ശേരി | ← | പാറപ്പുഴ | വാഴക്കാല | ← | ചീനിക്കുഴി |

**മാറിക, മൈലക്കൊമ്പ്, തൊടുപുഴ ഫൊറോനകൾ**

| 21-01-2024 | | | 28-01-2024 | | |
|---|---|---|---|---|---|
| ആലക്കോട് | ← | മാറിക | വെട്ടിമറ്റം | ← | ചിറ്റൂർ |
| അഞ്ചിരി | ← | തഴുവംകുന്ന് | ഏഴല്ലൂർ | ← | തൊടുപുഴ |
| ചിറ്റൂർ | ← | കലൂർ | കലൂർ | ← | അഞ്ചിരി |
| കലയന്താനി | ← | കുണിഞ്ഞി | മൈലക്കൊമ്പ് | ← | കല്ലാനിക്കൽ |
| കല്ലാനിക്കൽ | ← | പുറപ്പുഴ | നാകപ്പുഴ | ← | തൊടുപുഴ ഈസ്റ്റ് |
| മേത്തൊട്ടി | ← | പെരുമ്പിള്ളിച്ചിറ | പെരുമ്പിള്ളിച്ചിറ | ← | പൊന്നന്താനം |
| നെടിയകാട് | ← | നാകപ്പുഴ | തഴുവംകുന്ന് | ← | തലയനാട് |
| പന്നിമറ്റം | ← | മൈലക്കൊമ്പ് | കോലടി | ← | മേത്തൊട്ടി |
| പൊന്നന്താനം | ← | വെട്ടിമറ്റം | കുണിഞ്ഞി | ← | പന്നിമറ്റം |
| തലയനാട് | ← | ഏഴല്ലൂർ | മാറിക | ← | കലയന്താനി |
| തൊടുപുഴ | ← | നെടിയശാല | നെടിയശാല | ← | ആലക്കോട് |
| തൊടുപുഴ ഈസ്റ്റ് | ← | കോലടി | പുറപ്പുഴ | ← | നെടിയകാട് |

*V. 5 /2024* **ടീച്ചേഴ്സ് ക്വിസ് വിജയികൾ**

I സി. ജൂലിയ ജോർജ് SCJC, റിൻസി ലൂയീസ് പുളിക്കൽ, മാതിരപ്പിള്ളി

II സി. ബിനീത വട്ടത്തോട്ടത്തിൽ SABS, ജിയ ബ്രിജീറ്റ് ജയ്സൺ പൈക്കാട്ട്, ആനിക്കാട്

III സി. ആൻജോസ് CMC, മാത്യു എം. ജേക്കബ് മുളക്കൽ, മുടവൂർ

IV സി. ലിബിന FCC, ജിൻസി ബിജു ആനിത്തോട്ടത്തിൽ തലയനാട്,
സി. കരോളിൻ തെക്കേപാലക്കുഴിയിൽ SABS, ഡിൻസി മാത്യു ചന്ദ്രൻകുന്നേൽ, തൊടുപുഴ
സി. ജ്യോതി മരിയ SH, ബെല്ല മരിയ ജോർജ് കേളകത്ത്, ചാലാശ്ശേരി
സി. റ്റീന ജോൺ FCC, മരിയ ബെന്നി കോലത്തുപടവിൽ, പൈങ്ങോട്ടൂർ
സി. റ്റീന കുന്നുംപുറത്ത് SABS, ഷാന്റി ജെയിംസ് ചെമ്പരത്തി, പെരുമ്പിള്ളിച്ചിറ

*V. 6 /2024* **ലേഖനമത്സര വിജയികൾ**

**സിസ്റ്റേഴ്സ്**

I സി. ലിറ്റിൽ തെരേസ് CMC ആരക്കുഴ

II സി. ജോർളി CMC കുട്ടമ്പുഴ

III സി. ഡെലീന CMC ആരക്കുഴ
സി. പുഷ്പ മരിയ SH മുതലക്കോടം

**അല്മായർ**

I ലൂയിസ് തോമസ് പുളിക്കൽ, മാതിരപ്പിള്ളി

II മേരി ജോസ് മാപ്പലകയിൽ, മാലിപ്പാറ

III സിജി ഷിമ്മി ഏനാനിക്കൽ, വെളിയേൽച്ചാൽ
ഷൈനി ടോമി വാവൽകുന്നേൽ, കല്ലാനിക്കൽ

*V. 7 /2024* **കഥാരചനമത്സര വിജയികൾ**

**ഹൈസ്കൂൾ**

I അലോണ റോബി തടത്തിൽ, കദളിക്കാട്

II ജോൺ ജോസഫ് ബിനോയി നെല്ലിക്കുന്നേൽ, വെളിയേൽച്ചാൽ

III ജേക്കബ് പോൾ പാത്തിപറമ്പിൽ, കാവക്കാട്

**ഹയർ സെക്കൻഡറി സ്കൂൾ**

I അന്ന ബെന്നി കണ്ണാത്തുകുഴിയിൽ, ആരക്കുഴ

II അന്ന ബിജു കല്ലുങ്കൽ, കദളിക്കാട്

III സോണ മരിയ ബിനോയി വട്ടക്കുടിയിൽ, ചിറ്റൂർ

*V. 8 /2024* **കളറിംഗ് മത്സരവിജയികൾ**

**ബൈബിൾ നേഴ്സറി**

I ജോവാന മരിയ ബിനു വിലങ്ങുപാറയിൽ, അഞ്ചിരി

II ജയ്ക്ക് ജോ അനിഷ് കാട്ടുപാറ, തൊടുപുഴ

III സാറ മരിയ ആൽവിൻ പുല്ലൻ, നെടുങ്ങപ്ര

**LP വിഭാഗം**

I മിയ ജോജോ ചിറയ്ക്കൽ, നാകപ്പുഴ

II ശ്രേയ തോമസ് പാലനിൽക്കുംതണ്ടേൽ, കടവൂർ

III എയ്മി ആൻ പ്രിജിൽ കൂത്തണ്ടയിൽ, ആരക്കുഴ

*V. 9 /2024* **വാട്ടർ കളറിംഗ് മത്സരവിജയികൾ – UP വിഭാഗം**

I അഗ്സ ലിജോ പുതയത്ത്മോളേൽ. ഇഞ്ചൂർ

II ലിബിൻ ലിജോ നിരപ്പത്ത്, കദളിക്കാട്

III അൽഫോൻസ റ്റിജി, പിണക്കാട്ടുപറമ്പിൽ, ചിറ്റൂർ

*V. 10/2024* **വിശ്വാസപരിശീലന രംഗത്ത് – 45, 40, 35, 30, 25, 20, 15,10 വർഷം പൂർത്തിയാക്കുന്നവർ**

**45**

ബാബു ജോർജ് മങ്കുത്തേൽ, ഏനാനല്ലൂർ

**40**

പോൾ വർഗീസ്, ആടുകുഴിയിൽ, കുളപ്പുറം

സി. ഡെയ്സി പൊരുന്നേടത്ത് SH, മീങ്കുന്നം

സി. കൊച്ചുത്രേസ്യ ഒറോപ്ലാക്കൽ SH, നാകപ്പുഴ

**35**

സി. ലിസി SH, നേര്യമംഗലം

സി. ആൽവിൻ FCC, കല്ലൂർക്കാട്

സി. ലിസ്യു തെരേസ് നെല്ലിക്കുന്നേൽ SABS, തൊടുപുഴ

മേരിക്കുട്ടി ജോർജ് കുന്നത്തോട്ടേൽ, നാകപ്പുഴ

ബെന്നി അലക്സ് പനിച്ചേപ്പിള്ളിൽ, നെടിയകാട്

ഫ്രാൻസീസ് വി. എം. വടക്കേടത്ത്, കാവക്കാട്

സി. എയ്മി CMC, രാജഗിരി

## 30

സി. ജോ മരിയ CMC, വാഴക്കുളം
സി. റോസ് മാത്യു CMC, തൊടുപുഴ ഈസ്റ്റ്
സി. ലിസെറ്റ SD, പെരുമണ്ണൂർ
സി. സെലിൻ SH, പൂയംകുട്ടി
സി. ആൻസി പ്ലാമൂട്ടിൽ SABS, കത്തീഡ്രൽ
ബിജോ ജെയിംസ് എടാട്ടേൽ, കല്ലൂർക്കാട്
സി. ഷാലിൻസി FCC, കല്ലൂർക്കാട്
സി. അനു ജോസ് CMC, മൂവാറ്റുപുഴ
മിനി മൈക്കിൾ പ്ലാത്തോട്ടത്തിൽ, തലയനാട്
തോമസ് ജോസഫ് തെക്കേക്കൂറ്റ്, രാജഗിരി
ടോമി എ.എ. നാട്ടുനിലത്ത്, കുണിഞ്ഞി
റീത്ത ജോർജ് നമ്പ്യാട്ടേൽ, കാവക്കാട്
സി. മേരി പടിഞ്ഞാറേക്കര SD, അഞ്ചിരി
സി. ഗ്രേസ് ടോം FCC, വടാട്ടുപാറ
കത്രിക്കുട്ടി മാത്യു കളപ്പുരയിൽ, തഴുവംകുന്ന്
മേരി മാത്യു ഞൊടിപ്പിള്ളിൽ, പെരുമ്പല്ലൂർ

## 25

സി. ആൻ മേരി CMC, കല്ലാനിക്കൽ
ജിമ്മി ജോർജ് തോട്ടുപുറം, കല്ലാനിക്കൽ
ലിസി ജോർജ് കൂവള്ളൂർ, ഇഞ്ചത്തൊട്ടി
സി. ശ്രുതി ജോസ് MSJ, കോട്ടപ്പടി
മേഴ്സി ജോസ് ഇടശ്ശേരി, മുതലക്കോടം
മാത്യു എം. ജേക്കബ് മുളയ്ക്കൽ, മുടവൂർ
ജിംസൺ ജോസ് പുളിന്താനത്ത്, ചിലവ്
ജയ ജോയി ചിറ്റാട്ടിൽ, തലയനാട്
ലൗഷ സിറിയക് പോത്തനാമുഴി, രണ്ടാർ
ജിജോ അറയ്ക്കൽ, കത്തീഡ്രൽ
സി. റോസ്മി പോൾ FCC, തൊടുപുഴ
സി. ജിസ്മരിയ വടക്കുംപാടത്ത് SABS, തൊടുപുഴ
സി. അനുപമ SD, മുള്ളരിങ്ങാട്
ലെംബൈ മാത്യു വട്ടക്കുഴിയിൽ, തഴുവംകുന്ന്
സി. നവ്യ SH, നാകപ്പുഴ

അല്ലി ജോൺ മാങ്കുഴിപ്പിൽ, അഞ്ചിരി
സാജൻ പീറ്റർ മുണ്ടയ്ക്കാപാറയിൽ, അഞ്ചിരി
സി. ഡെലീന FCC, ഉടുമ്പന്നൂർ
ജോണി എം.സി. മാളിയേക്കൽ, തോട്ടക്കര

**20**

സി. ദെലീന CMC, ആരക്കുഴ
മിനി ജോയച്ചൻ താളിമറ്റത്തിൽ, ഇഞ്ചത്തൊട്ടി
അനിഷ് കെ. ജോർജ് കല്ലുങ്കൽ, വാഴക്കുളം
സി. മേഴ്സലറ്റ് MSJ, വാഴക്കുളം
സി. സാന്നിധ്യ MSJ, കോട്ടപ്പടി
സി. സെലിൻ കല്ലുങ്കൽ SABS, തൊടുപുഴ ഈസ്റ്റ്
സി. സിസി FCC, ഏനാനല്ലൂർ
ബീന ജോർജ് പാലക്കാട്ട്, പെരുമ്പിള്ളിച്ചിറ
